# മഹാത്മാഗാന്ധി സർവ്വകലാശാല

ഫോൺ: 0481 - 2733298
മൊബൈൽ : 9495119702


പി.ആർ.ഒ./39/203/2018 2018 സെപ്റ്റംബർ 26

## വാർത്താക്കുറിപ്പ്

## മഹാത്മാ ഗാന്ധി സർവകലാശാല ഇ-ഫയലിംഗ് സംവിധാനത്തിലേക്ക്

### – ഗവേഷണത്തിന് ക്ലസ്റ്റർ സംവിധാനം
### – ഓൺലൈൻ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പുതിയ സെർവർ

മഹാത്മാ ഗാന്ധി സർവകലാശാല ഇ-ഫയലിംഗ് സംവിധാനത്തിലേക്ക് മാറുന്നു. ഇതു സംബന്ധിച്ച പുരോഗതി ഇന്നലെ ചേർന്ന സിൻഡിക്കേറ്റ് യോഗം വിലയിരുത്തി. ഇ ഗവേണൻസിന്റെ ഭാഗമായി ഓഫീസ് ഫയലുകൾ പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യും. ഓഫീസുകളെ കടലാസ്‌രഹിതമാക്കാനുള്ള നടപടികളുടെ ഭാഗമായി അപേക്ഷകളിലടക്കമുള്ള നടപടികൾ ഓൺലൈനായി ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം (ഡി.ഡി.എഫ്.എസ്.) എന്ന സോഫ്റ്റ്‌വെയർ വഴി നടപ്പാക്കും. അപേക്ഷ നൽകുന്നവർക്ക് എസ്.എം.എസ്. മുഖേന രജിസ്റ്റർ നമ്പർ നൽകും. ഇതുപയോഗിച്ച് ഫയൽനീക്കം അറിയാം. ഭരണപരമായ തീരുമാനങ്ങളെടുക്കേണ്ട അപേക്ഷകൾ തപാലിൽ സ്വീകരിക്കുമ്പോൾത്തന്നെ ഡിജിറ്റലൈസ് ചെയ്ത് അതത് സെക്ഷനിലേക്ക് ഓൺലൈനായി കൈമാറും. ഇതിനാവശ്യമായ കമ്പ്യൂട്ടറുകൾ സ്ഥാപിച്ചുകഴിഞ്ഞു. ജീവനക്കാർക്ക് പുതിയ സംവിധാനത്തിൽ പരിശീലനം നൽകിവരുന്നു. ഡി.ഡി.എഫ്.എസിലേക്ക് മാറുന്നതോടെ ഫയൽ നീക്കം വേഗമേറിയതും സുതാര്യവുമാകും. നവംബറോടെ സംവിധാനം പ്രാവർത്തികമാക്കുകയാണ് ലക്ഷ്യം.

ഗവേഷണമേഖലയെ ശക്തിപ്പെടുത്താൻ ക്ലസ്റ്റർ സംവിധാനം നടപ്പാക്കാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. സർവകലാശാലാ പഠനവകുപ്പുകളെയും ഗവേഷണ കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് ഓൺലൈൻ ക്ലസ്റ്റർ ശൃംഖല സൃഷ്ടിക്കും. ഗവേഷണത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായാണിത്. ഗവേഷണവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ക്ലസ്റ്ററിൽ രജിസ്റ്റർ ചെയ്യും.

വൈദ്യുതി തടസ്സം മൂലം സർവകലാശാലയുടെ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ ഗാന്ധിനഗർ കെ.എസ്.ഇ.ബി. സബ്‌സ്റ്റേഷനിൽ നിന്ന് സർവകലാശാലയിലേക്ക് പ്രത്യേക വൈദ്യുതിലൈൻ സ്ഥാപിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു. പ്രളയബാധിതരായ വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവനുസരിച്ച് ഹാജർ ഇളവ് നൽകും. സർവ്വകലാശാലയുടെ ഓൺലൈൻ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പുതിയ സെർവർ സ്ഥാപിക്കാൻ തീരുമാനിച്ചു. ഡിസംബർ 13ന് കഥാകൃത്ത് ടി. പത്മനാഭൻ, പ്രവാസി വ്യവസായി എം.എ. യൂസഫലി എന്നിവരെ ഡി ലിറ്റ് ബിരുദം നൽകി ആദരിക്കും. പരീക്ഷാ മൂല്യനിർണ്ണയത്തിൽ വീഴ്ചവരുത്തിയ അദ്ധ്യാപകർക്ക് 5000 രൂപ വീതം പിഴ ചുമത്താനും യോഗം തീരുമാനിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

**ബിരുദ കോഴ്‌സുകൾക്ക് രണ്ടു ദിവസം കൂടി ഫീസടയ്ക്കാം**

ബിരുദ കോഴ്‌സുകൾക്ക് ഫീസടയ്ക്കാനുള്ള തീയതി രണ്ടു ദിവസത്തേക്കുകൂടി നീട്ടി. സെർവർ തകരാറുമൂലം ഫീസടയ്ക്കാൻ വിദ്യാർത്ഥികൾക്ക് കഴിയാതെ വന്നതിനെത്തുടർന്നാണ് നടപടി. പിഴയില്ലാതെ സെപ്റ്റംബർ 29 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ ഒന്നു വരെയും 500 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ മൂന്നു വരെയും അടയ്ക്കാം.

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം - 2017 അഡ്മിഷൻ), മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013 മുതൽ 2016 അഡ്മിഷൻ വരെ റീഅപ്പിയറൻസ്), അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2016 അഡ്മിഷൻ റഗുലർ/2013 മുതൽ 2015 അഡ്മിഷൻ വരെ റീഅപ്പിയറൻസ്) ഫീസ് അടയ്ക്കുവാനുള്ള തീയതി ഒക്ടോബർ അഞ്ചു വരെ നീട്ടി. 50 രൂപ പിഴയോടെ ഒക്ടോബർ ആറു വരെയും 500 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ എട്ടു വരെയും അടയ്ക്കാം.

**പരീക്ഷാഫലം**

2018 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. സിനിമ ആന്റ് ടെലിവിഷൻ, ഗ്രാഫിക് ഡിസൈൻ (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 10 വരെ അപേക്ഷിക്കാം.

2018 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 10 വരെ അപേക്ഷിക്കാം.

2018 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എം.എഡ്. (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 10 വരെ അപേക്ഷിക്കാം.

**പെൻഷൻകാർ ഇൻകംടാക്സ് സ്റ്റേറ്റ്മെന്റ് നൽകണം**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പെൻഷൻകാരുടെ ഈ സാമ്പത്തിക വർഷത്തെ ആന്റിസിപ്പേറ്ററി ഇൻകംടാക്സ് സ്റ്റേറ്റ്മെന്റ് ഫോറം www.mgu.ac.in എന്ന വെബ്സൈറ്റിലെ 'circulars' എന്ന ലിങ്കിൽ ലഭിക്കും.

ഫോറം ഡൗൺലോഡ് ചെയ്ത് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി നടപ്പുവർഷത്തെ സേവിംഗ്സ് സംബന്ധമായ രേഖകളുടെ പകർപ്പ് സഹിതം രജിസ്ട്രാർ, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിലോ 'ada8@mgu.ac.in' എന്ന ഇ-മെയിൽ വിലാസത്തിലോ ഉടൻ നൽകണം.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ